"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ജില്ലാ ഭാഗ്യക്കുറി ഓഫീസർ ഡോ. കവിത വി.നാഥിനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.31/2026/TAXES തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 17.04.2024-ലെ SLTY/6058/2023-E2 നമ്പർ കത്ത്
2. 23.05.2024-ലെ ജി.ഒ.(ആർടി) നം.428/2024/ ടാക്സസ്
3. 06.06.2024-ലെ TAXES-H1/126/2024-TAXES നമ്പർ കുറ്റാരോപണ മെമ്മോ
4. ഡോ. കവിത വി.നാഥ് സമർപ്പിച്ച 27.08.2025-ലെ പ്രതിവാദ പത്രിക
5. 19.09.2025-ലെ TAXES-H1/126/2024-TAXES നമ്പർ കത്ത്
6. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 17.11.2025-ലെ SLTY/6058 /2023-E2 നമ്പർ കത്ത്
7. 18.11.2025-ലെ ജി.ഒ.(ആർടി) നം.1018/2025/ടാക്സസ്
8. 19.11.2025-ലെ TAXES-H1/126/2024-TAXES നമ്പർ കത്ത്
9. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 20.12.2025-ലെ SLTY/6058 (2)/2023-E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ വയനാട് ജില്ലാ ഭാഗ്യക്കുറി ഓഫീസറായി ജോലി ചെയ്തു വന്നിരുന്ന ഡോ. കവിത വി.നാഥിനെ, ടിയാൾ തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ചകൾ വരുത്തിയിട്ടുണ്ടെന്ന പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന്, പരാമർശം (3) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (7) ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിരുന്നു. ഡോ. കവിത വി.നാഥിന് in-service training നല്കുന്നതിന് നടപടികൾ

സ്വീകരിക്കണമെന്നും ട്രെയിനിംഗ് പൂർത്തിയാകുന്നതുവരെ പൊതുജനങ്ങളുമായി നേരിട്ട് ഇടപെടൽ വരാത്തതും മേലുദ്യോഗസ്ഥരുടെ നിയന്ത്രണം സാധ്യമാകുന്ന തരത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ ടിയാളെ നിയമിക്കുന്ന കാര്യം പരിഗണിക്കണമെന്നും ടി ഉത്തരവിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

**2.** കുറ്റാരോപണ മെമ്മോയ്ക്ക് സൂചന **(4)** പ്രകാരം ഡോ. കവിത വി.നാഥ് ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ, തന്നെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന് ടിയാൾ അഭ്യർത്ഥിച്ചിരുന്നു. അതിന്മേൽ പരാമർശം **(5)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ റിപ്പോർട്ട് തേടുകയും സസ്പെൻഷൻ റദ്ദു ചെയ്ത് ഡോ. കവിത വി. നാഥിനെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയാണെങ്കിൽ എറണാകുളം ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കാവുന്നതാണെന്ന് പരാമർശം **(6)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഓഫീസർ ശിപാർശ ചെയ്യുകയുമുണ്ടായി. പരാമർശം **(7)** ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡോ. കവിത.വി. നാഥിന്റെ നിയമനം സംബന്ധിച്ച ശിപാർശ പരിശോധിച്ച് സമർപ്പിക്കാൻ പരാമർശം **(8)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കുകയും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം **(9)** പ്രകാരം പുതുക്കിയ ശിപാർശ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ **4** ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികകളാണുള്ളതെന്നും ഇതിൽ **2** എണ്ണം കെ.എ.എസ്. കേഡറിനായി മാറ്റി വച്ചിട്ടുള്ളതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശേഷിക്കുന്ന **2** തസ്തികകളിൽ **31.05.2026**-ന് സേവനത്തിൽ നിന്ന് വിരമിക്കുന്ന ഒരുദ്യോഗസ്ഥനും മറ്റൊന്നിൽ മിശ്ര വിവാഹിതയും സർക്കാർ ഉദ്യോഗസ്ഥനായ ഭർത്താവ് (സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഡി.എൽ.ഒ.) മലപ്പുറം ജില്ലയിൽ ജോലി ചെയ്തു വരുന്ന, തിരുവനന്തപുരം മാതൃജില്ലയായ ഒരുദ്യോഗസ്ഥയുമാണ് നിലവിൽ ജോലി ചെയ്ത് വരുന്നതെന്നും ഇവരെ സ്ഥലം മാറ്റുന്നത് അഭികാമ്യമല്ലെന്നും ഈ സാഹചര്യത്തിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ ഒഴിവ് നിലവിലുള്ള എറണാകുളം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിയമിക്കാവുന്നതാണെന്നും ഡയറക്ടറേറ്റിൽ ഒഴിവ് വരുന്ന മുറയ്ക്ക് ഡോ. കവിത വി.നാഥിനെ മാറ്റി നിയമിക്കാവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(7), (9)** എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു :-

**i.** പരാമർശം **(2)** ഉത്തരവ് പ്രകാരം സസ്പെൻഷനിൽ കഴിയുന്ന ജില്ലാ ഭാഗ്യക്കുറി ഓഫീസർ ഡോ. കവിത വി.നാഥിനെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് എറണാകുളം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

**ii.** സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ ഒഴിവ്

നിലവിൽ വരുന്ന മുറയ്ക്ക്, മേലുദ്യോഗസ്ഥരുടെ നേരിട്ടുള്ള നിയന്ത്രണവും നിരീക്ഷണവും ലഭിക്കത്തക്ക തരത്തിൽ, ഡോ. കവിത വി.നാഥിനെ നിയമിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

**iii.** ഈ കാലയളവിൽ IMG മിഡിൽ ലെവൽ മാനേജ്മെന്റ് ഉദ്യോഗസ്ഥർക്ക് പൊതുവായി നല്കുന്ന ട്രെയിനിംഗ് ടിയാൾക്ക് ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരിശോധിക്കേണ്ടതും പൊതുജനങ്ങളുമായും കീഴുദ്യോഗസ്ഥരുമായും ഇടപെടുമ്പോൾ പാലിക്കേണ്ട പൊതുമാനദണ്ഡം സംബന്ധിച്ച് ഡയറക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥ തലത്തിൽ ഉചിതമായ പരിശീലനം /നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. ഡോ. കവിത വി.നാഥ്, ജില്ലാ ഭാഗ്യക്കുറി ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

Signed by
Mini G S
Date: 09-01-2026 10:51:13

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ